"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - WP(C) 15065/2024 അന്യായത്തിന്മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11/04/2024 തീയതിയിലെ വിധിന്യായം - ശ്രീമതി മാലിനി എസ്. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.235/2024/F&CS തീയതി,തിരുവനന്തപുരം, 07-08-2024

---

പരാമർശം:-

1. കോഴിക്കോട് ജില്ല സപ്ലൈ ഓഫീസറുടെ 27.04.2023 തീയതിയിലെ DSOKKD/211/2023-CS2 നമ്പർ നടപടിക്രമം.
2. കോഴിക്കോട് ജില്ല കളക്ടറുടെ 18.01.2024 തീയതിയിലെ DSOKKD/272/2023 CS2 നമ്പർ നടപടിക്രമം
3. ശ്രീമതി മാലിനി എസ്. സർക്കാരിൽ സമർപ്പിച്ച 24.02.2024 തീയതിയിലെ റിവിഷൻ ഹർജി
4. WP(C) 15065/2024-ൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.04.2024 തീയതിയിലെ വിധിന്യായം .
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 28.05.2024 തീയതിയിലെ CCS/2645/2024-A8 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ല,കോഴിക്കോട് താലൂക്ക് എഫ്.പി.എസ്. നം. 117 ന്റെ സ്ഥിരം ലൈസൻസി നിയമനത്തിനായി ജില്ലാ സപ്ലൈ ഓഫീസർ 16.05.2022 ൽ വിജ്ഞാപനം ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്യണമെന്നും എഫ്.പി.എസ്. 117 ൽ സെയിൽസ് വുമണായി പ്രവർത്തിക്കുന്ന തനിക്ക് പ്രസ്തുത കടയുടെ ലൈസൻസ് ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ട് ശ്രീമതി മാലിനി എസ്. ബഹു.ഹൈക്കോടതിയിൽ WP(C) 19622/2022 നം. റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. കോടതി ഉത്തരവ് കൈപ്പറ്റി രണ്ട് ആഴ്ച സമയപരിധിയിൽ എല്ലാ രേഖകളും സഹിതം പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിന് അപേക്ഷിക്കാൻ ശ്രീമതി മാലിനിയോട് നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത റിട്ട് പെറ്റീഷനിൽ ബഹു. കേരള ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. കോടതി വിധി പ്രകാരം ശ്രീമതി മാലിനി പ്രസ്തുത കടയുടെ ലൈസൻസി നിയമനത്തിന് അപേക്ഷ സമർപ്പിക്കുകയും ജില്ലാ സപ്ലൈ ഓഫീസർ ആയത് പരിശോധിക്കുകയും ചെയ്തു.

2. കേരള ടാർജറ്റഡ് പബ്ളിക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ) ഓർഡർ 2021 നിലവിൽ വന്ന 18.02.2021ന് മുമ്പ് ലൈസൻസ് ക്യാൻസൽ ചെയ്ത് അറ്റാച്ച് ചെയ്ത് റേഷൻകടയിലെ സെയിൽസ്മാൻ/സെയിൽസ് വുമാണിന് പത്ത് വർഷത്തിൽ കൂടുതൽ അതേ റേഷൻകടയിൽ സെയിൽസ്മാനായി പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ടാർജറ്റഡ് പബ്ളിക് ഡിസ്ട്രിബ്യൂഷൻ കൺട്രോൾ ഓർഡർ 2021 ഖണ്ഡിക 37(5) പ്രകാരം നിയമനം ലഭിക്കുവാൻ അർഹത ഇല്ല. കോഴിക്കോട്

ജില്ലാ, കോഴിക്കോട് താലൂക്ക് ന്യായവിലക്കട 117, 12.05.2008 തീയതിയിൽ റദ്ദ് ചെയ്തിട്ടുള്ളതാണ്. ടി കട കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ കൺട്രോൾ ഓർഡർ 2021 പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് മറ്റൊരു കടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുകയാണ്. നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിൽ ശ്രീമതി മാലിനി സമർപ്പിച്ച അപേക്ഷ ജില്ലാ സപ്ലൈ ഓഫീസർ പരാമർശം (1) പ്രകാരം നിരസിച്ചുത്തരവായി. ശ്രീമതി മാലിനി ബഹു. ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും മേൽപറഞ്ഞ കാരണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ബഹു. ജില്ലാ കളക്ടർ പ്രസ്തുത അപ്പീൽ നിരസിച്ച പരാമർശം (2) പ്രകാരം ഉത്തരവാകുകയാണുണ്ടായത് .

3. മേൽ പരാമർശിത നടപടിക്രമത്തിനെതിരെ പരാമർശം (3) പ്രകാരം ശ്രീമതി മാലിനി എസ്. സർക്കാരിൽറിവിഷൻ ഹർജി സമർപ്പിക്കുകയും,ബഹു.കേരള ഹൈക്കോടതിയിൽ WP(C).No. 15065/2024 അന്യായം ഫയൽ ചെയ്യുകയുമുണ്ടായി.WP(C).No.15065/2024-മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.04.2024 തീയതിയിലെ വിധിന്യായ പ്രകാരം, **ഒന്നാം എതിർകക്ഷിയായ സെക്രട്ടറി (F&CS) രണ്ടു മാസത്തിനുള്ളിൽ പരാതിക്കാരിയെ നേരിൽകേട്ടശേഷം, പരാതിക്കാരി സർക്കാരിൽ സമർപ്പിച്ച Ext. P5 റിവിഷൻ ഹർജി തീർപ്പാക്കണമെന്ന് ഉത്തരവായിരുന്നു.**

4.ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11.04.2024 തീയതിയിലെ വിധിന്യായ പ്രകാരം ഹർജിക്കാരിയായ ശ്രീമതി മാലിനിയെ 19/06/2024 ന് സർക്കാർ നേരിൽ കേൾക്കുകയുണ്ടായി. 19.06.2024 ൽ നടന്ന ഹിയറിങ്ങിൽ ഹർജിക്കാരിയെ പ്രതിനിധീകരിച്ച് ടിയാരിയുടെ ഭർത്താവ് എൻ.രാഘവൻ ഹാജരാകുകയുണ്ടായി. നിലവിൽ 327-ാം നമ്പർ കടയിൽ ചേർത്തിട്ടുള്ള 117-ാം നമ്പർ പൊതുവിതരണ കേന്ദ്രത്തിൽ തന്റെ ഭാര്യ മാലിനി താത്ക്കാലിക ലൈസൻസിയായി 14.06.2012 മുതൽ 15.02.2017 വരെയും ഫുൾടൈം സെയിൽസ് വുമണായി 15/05/2017 മുതലും ജോലി ചെയ്തു വരുന്നുവെന്ന് താലൂക്ക് സപ്ലൈ ആഫീസർ സർട്ടിഫൈ ചെയ്തിട്ടുള്ളതാണെന്നും, തന്റെ ഭാര്യക്ക് FPS 117 ന് അർഹതയുണ്ടെന്നും ഇനി മറ്റൊരു ജോലിക്ക് സാധ്യതയില്ലെന്നും ടിയാൻ വാദിച്ചു. ലൈസൻസിയുടെ അഭാവത്തിൽ റേഷൻ കടയുടെ പ്രവർത്തനം ടിയാരി യാതൊരു പരാതിക്കും ഇടനൽകാതെ ഭംഗിയായി നടത്തികൊണ്ടുപോകുന്നുണ്ടെന്നും ശ്രീ രാഘവൻ അറിയിച്ചു. പരാമർശം (3) ലെ റിവിഷൻ ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ളതിൽ കൂടുതൽ രേഖകൾ ഹാജരാക്കാനില്ലെന്നും ടിയാൻ അറിയിച്ചു.

5. ശ്രീമതി മാലിനി എസ്. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി, ടിയാരിയുടെ ലൈസൻസിനുള്ള അപേക്ഷ നിരസിച്ച ജില്ലാ സപ്ലൈ ഓഫീസറുടെയും ജില്ലാ കളക്ടറുടെയും ഉത്തരവുകൾ,WP(C)15065/2024-ൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.04.2024 തീയതിയിലെ വിധിന്യായം,ഇതുസംബന്ധിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് ,ഹിയറിങ്ങ് വേളയിൽ ഹർജിക്കാരൻ ഉയർത്തിയ വാദഗതി എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു.

6..കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന് കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ ബാധകമാകുകയുള്ളൂ. 18.02.2021 നോ അതിന് മുമ്പോ റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവിലകടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമൺ ന് 10 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37(5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല.നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിനാലാണ് ഹർജിക്കാരിയുടെ അപേക്ഷ ജില്ലാ സപ്ലൈ ഓഫീസറും ജില്ലാ കളക്ടറും നിരസിച്ചിട്ടുള്ളത്. ആയതിനാൽ ജില്ലാസപ്ലൈ ആഫീസറുടെയും ജില്ലാകളക്ടറുടെയും നടപടികൾ ക്രമപ്രകാരമായതിനാൽ ആയതിൽ ഇടപെടേണ്ട സാഹചര്യം നിലവിൽ ഇല്ല.

7.മേൽ സാഹചര്യത്തിൽ പരാമർശം (3 ) പ്രകാരം ശ്രീമതി മാലിനി എസ്. സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു. WP(C).No.15065/2024-മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.04.2024 തീയതിയിലെ വിധിന്യായം ഇപ്രകാരം നടപ്പിൽ വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1. .ശ്രീമതി മാലിനി എസ്., FPS 117, വാർഡ് നാം VIII, ചാത്തമംഗലം ഗ്രാമപഞ്ചായത്ത് , കോഴിക്കോട് താലൂക്ക്, വെള്ളന്നൂർ ചൂലൂർ പി.ഒ. പൂലക്കോട്, കോഴിക്കോട്, 673601.
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
3.അഡ്വക്കേറ്റ് ജനറൽ ,എറണാകുളം. (with C/L)
4. ജില്ലാകളക്ടർ,കോഴിക്കോട്
5. ജില്ലാ സപ്ലൈ ഓഫീസർ, കോഴിക്കോട്
6. താലൂക്ക് സപ്ലൈ ഓഫീസർ, കോഴിക്കോട്
7. കരുതൽ ഫയൽ (FCSD -B2/71/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 08-08-2024 10:31:33
സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്